ലോകബാങ്കിന്റെ സഹായത്തോടെയുള്ള അഗ്രിക്കൾച്ചർ ഓഫീസുകളുടെ പണി

1613. [2403] ശ്രീ. കെ. രാഘവൻ മാസ്റ്റർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ ലോകബാങ്കിന്റെ ധനസഹായത്തോടെ എത്ര ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസുകളുടെയും ഡെമൊൺസ്ട്രേറ്റർ ഓഫീസുകളുടെയും പണി പൂർത്തിയാക്കി ;

(ബി) ഇനിയും ലോകബാങ്കിന്റെ സഹായത്തോടുകൂടി ഇത്തരത്തിലുള്ള ഓഫീസുകൾ മറ്റു ജില്ലകളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം?

ഉത്തരം

(എ) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന പരിശീലന സന്ദർശന പരിപാടിയിൻ കീഴിൽ ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസുകളും ഡെമൊൺസ്ട്രേറ്റർ ഓഫീസുകളും പണിയുന്നതിന് പരിപാടിയില്ല. എന്നാൽ അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന 25% ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസർമാർക്കും അഗ്രിക്കൾച്ചർ ഡെമോൺസ്ട്രേറ്റർമാർക്കും ഓഫീസ് കം റസിഡൻസ് പണിയുന്നതിന് പരിപാടിയുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിൽ 3 ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസർമാരുടെയും 14 അഗ്രിക്കൾച്ചർ ഡെമൊൺസ്ട്രേറ്റർമാരുടെയും ഓഫീസ് കംറസിഡൻറ്സുകളുടെയും പണി പൂർത്തിയായി.

(ബി) മറ്റെല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള ഓഫീസ് കം റസിഡൻറ്സുകളുടെ പണി പൂർത്തിയാക്കിവരുന്നു.

അഗ്രികൾച്ചറൽ ഡമോൺസ്ട്രേറ്റർമാരുടെ ഓഫീസ് കം-റസിഡൻസ്

1614. [2404] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിലുള്ള അഗ്രികൾച്ചറൽ ഡെമോൺസ്ട്രേറ്റർമാരുടെ ഓഫീസ് കം റസിഡൻസിനുവേണ്ടി എത്ര കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട് ;

(ബി) ഈ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത് ; എത്രയെണ്ണം ഉപയോഗിക്കാതെ കിടക്കുന്നുണ്ട് ;

(ഡി) പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു ലോകബാങ്കിന്റെ ധനസഹായം കിട്ടിയിട്ടുണ്ടോ ;

(ഇ) ഈ കെട്ടിടങ്ങൾക്ക് വാടക ഈടാക്കുന്നതു എന്തുമാനദണ്ഡം വെച്ചാണ് ;

(എഫ്) പൊതുമരാമത്ത് വകുപ്പു നിശ്ചയിക്കുന്ന വാടക ഡെമോൺസ്ട്രേറ്റർമാരിൽ നിന്നും ഈടാക്കരുതെന്നും ഇൻഡ്യാപോപ്പുലേഷൻ പ്രോജക്ടിൽ സ്വീകരിക്കുന്ന മാനദണ്ഡം ഇക്കാര്യത്തിൽ സ്വീകരിക്കണമെന്നും കെ.എ.ഇ.പി. ഹൈലവൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly